# THE PLANTATION CORPORATION OF KERALA LTD

(An ISO 9001:2008 Certified Company under Government of Kerala)
**Registered Office: KOTTAYAM-686 004**
CIN:U01119KL1962SGC001997

☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com


നം.SAL/F-600/ 362 27/04/2023

## കശുമാവ് മരങ്ങളുടെ വില്പന – ഇ-ടെണ്ടർ / സീൽഡ് ടെണ്ടർ

പ്ലാന്റേഷൻ കോർപ്പറേഷൻ വക കാസറഗോഡ് എസ്റ്റേറ്റിലെ കശുമാവ് മരങ്ങളുടെ 796 എണ്ണം (പെരിയ II-700, കുനിയ-96 ) വിൽപ്പന നടത്തുന്നതിലേക്കായി താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മത്സരാധിഷ്ഠിത ഇ -ദർഘാസുകൾ കേരള സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in മുഖേനയും നേരിട്ട് മുദ്രവെച്ച ദർഘാസുകൾ മുഖേനയും നടത്തുന്നു. ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ടെണ്ടർ നിബന്ധനകളോട് അനുബന്ധിച്ചിരിക്കുന്ന അനുബന്ധം 1 ലെ നിർദേശങ്ങളും മുദ്രവെച്ച ദർഘാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അനുബന്ധം 2 ലെ നിർദേശങ്ങളും പാലിക്കേണ്ടതാണ്. ചുവടെ കൊടുത്തിരിക്കുന്ന പൊതുവായ നിബന്ധനകൾ അനുബന്ധം 1 നും അനുബന്ധം 2 നും ബാധകമായിരിക്കുന്നതാണ്. രണ്ട് രീതിയിലും ടെണ്ടറിൽ പങ്കെടുക്കുവാൻ കരാറുകാരന് അവകാശമുണ്ടായിരിക്കുന്നതാണ്. അപ്രകാരം രണ്ട് രീതിയിലും നടത്തുന്ന ടെണ്ടറുകളിൽ നിന്നും കശുമാവ് ഒരു ബ്ലോക്കിന് വാഗ്ദാനം ചെയ്യുന്ന ഏറ്റവും ഉയർന്ന വില ആയിരിക്കും അംഗീകാരത്തിനായി പരിഗണിക്കുക.

## പൊതുവായ നിബന്ധനകൾ

1. മുദ്രവെച്ച ദർഘാസ് /ഇ-ടെണ്ടർ എന്നിവയിൽ നിന്നും ലഭിക്കുന്ന ഏറ്റവും കൂടിയ തുക രേഖപ്പെടുത്തിയ ദർഘാസ് / ഇ-ടെണ്ടർ മാത്രമെ അംഗീകാരത്തിനായി പരിഗണിക്കുകയുള്ളൂ. കരാറുകാരൻ മാനേജരുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ തോട്ടത്തിൽ പ്രവേശിച്ച് ബ്ലോക്കിന്റെ അതിര്, മരങ്ങളുടെ എണ്ണം, മരങ്ങളുടെ നിലവിലുള്ള അവസ്ഥ എന്നിവയെ കുറിച്ച് മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ പ്രസ്തുത തോട്ടം മാനേജരുടെ തീരുമാനം അന്തിമമായിരിക്കുന്നതും, ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
2. മരങ്ങൾ വെട്ടിമാറ്റുന്നതിനുള്ള കാലാവധി ടെണ്ടർ സ്ഥിരീകരണ തിയതി മുതൽ 30 ദിവസത്തേക്കായിരിക്കും. ഏതെങ്കിലും കാരണവശാൽ നിശ്ചിത കാലാവധിക്കുള്ളിൽ ജോലികൾ പൂർത്തീകരിക്കാതെ വന്നാൽ കോർപ്പറേഷൻ നിശ്ചയിക്കുന്ന പിഴത്തുക ഈടാക്കി പരമാവധി 15 ദിവസത്തേക്ക് ജോലികൾ പൂർത്തിയാക്കുന്നതിനു സമയം അനുവദിക്കാവുന്നതുമാണ്. ടി സമയത്തിനുള്ളിലും ജോലികൾ പൂർത്തീകരിക്കാതെ വന്നാൽ സെക്യൂരിറ്റി തുക കണ്ടുകെട്ടി കരാർ ഉടമ്പടി റദ്ദുചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതിന് കോർപ്പറേഷന് അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.

3. മുദ്രവെച്ച ദർഘാസ് /ഇ-ടെണ്ടർ എന്നിവയിൽ നിന്നും ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന വ്യക്തി പി സി കെ യിൽ നിന്ന് സ്ഥിരീകരണ ഉത്തരവ് ലഭിച്ച് 3 ദിവസങ്ങൾക്കകം വാഗ്ദാനം ചെയ്ത മൊത്തം തുകയുടെ **മൂന്നിലൊന്നുവരുന്ന തുക** പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡിൻറെ **താഴെ പറയുന്ന അക്കൗണ്ടിൽ അടക്കേണ്ടതാണ്**. [Kasaragod Estate - State Bank of India, Civil Station, Kasaragod: A/c. No.34927300715 IFSC Code: SBIN0010116

4. ടെണ്ടർ സ്ഥിരീകരണ തീയതി മുതൽ 15 ദിവസ**ങ്ങൾക്കകമായി** മൊത്തം തുകയുടെ 15% **വരുന്ന** തുക സെക്യൂരിറ്റി ഡിപ്പോസിറ്റായി (നിരതദ്രവ്യമടക്കം) അടയ്ക്കേണ്ടതുമാണ്. ഇതിനു പുറമേ **വാഗ്ദാനം ചെയ്തതിന്റെ ബാക്കി തുകയും ബാധകമായ നികുതികളും എസ്റ്റേറ്റ് ഓഫീസ് അക്കൗണ്ടിൽ** അടച്ച് കോർപ്പറേഷനുമായി **ഇതുസംബന്ധിച്ച്** ഒരു കരാർ **ഉടമ്പടി 200/- രൂപ കേരള ഗവൺമെൻറ് വക** മുദ്രപത്രത്തിൽ വയ്ക്കേണ്ടതു**മാ**ണ്. **ആയതിന്** ശേഷമേ തോട്ടത്തിൽ പ്രവേശിക്കുന്നതിനു കരാറുകാരന് അനുവാദമുണ്ടായിരിക്കുകയുള്ളു.

5. **3,4 വകുപ്പുകളിൽ പറയും പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തിക്കുന്നതിൽ** വീഴ്ച വരുത്തുന്നപക്ഷം **ടെണ്ടർ** അസ്ഥിരപ്പെടുത്തുന്നതും, സ്ഥിരീകരണ ഉത്തരവ് റദ്ദാക്കുന്നതും കോർപ്പറേഷനിൽ പ്രസ്തുത വ്യക്തി **അടച്ചിട്ടുള്ളതായ എല്ലാ തുകകളും** കണ്ടുകെട്ടി കോർപ്പറേഷന്റെ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതുമാണ്. ഇതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന **എല്ലാവിധ** കഷ്ടനഷ്ടങ്ങൾ**ക്കും** പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കുന്ന**തും ആയത്** കോർപ്പറേഷൻ **ടിയാളിൽ** നിന്നും **ഈടാക്കിയെടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്**.

6. ഏറ്റവും കൂടിയ തുകയ്ക്ക് **മുദ്രവെച്ച ദർഘാസ് /ഇ-ടെണ്ടർ** സമർപ്പിച്ച വ്യക്തിയ്ക്ക് കോർപ്പറേഷൻ അന്തിമ തീരുമാനമെടുക്കുന്നതുവരെ സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. അഥവാ പ്രസ്തുത വ്യക്തി അപ്രകാരം പിൻവലിക്കുകയോ 3,4 വകുപ്പുകൾ അനുസരിച്ചുള്ള തുക അടയ്ക്കാതിരിക്കുകയോ ചെയ്താൽ അയാൾ മൂന്നാം വകുപ്പനുസരിച്ച് അടച്ചിട്ടുള്ള **എല്ലാ തുകയും** കോർപ്പറേഷ**ൻ ഖജനാവിലേക്ക്** മുതൽകൂട്ടു**ന്നതി**നും അപ്രകാരം സംഭവിക്കുന്ന പക്ഷം യുക്തമായ തീരുമാനമെടുക്കുവാൻ കോർപ്പറേഷന് പൂർണ്ണ അധികാരമുള്ളതുമാകുന്നു.

7. തീപിടുത്തം, വരൾച്ച, കീടബാധ, പ്രകൃതിക്ഷോഭം, കരാറുകാരന്റേയോ, കേർപ്പറേഷന്റേയോ തൊഴിലാളികളുടെ സമരം, **മഹാമാരികൾ** മുതലായവ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കോർപ്പറേഷൻ യാതൊരു കാരണവശാലും നഷ്ടപരിഹാരം നൽകുന്നതല്ല. കരാറുകരാന്റെ തൊഴിലാളികൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളോ നഷ്ടപരിഹാരമോ നൽകുന്നതിന് കോർപ്പറേഷനു ബാധ്യത ഉണ്ടായിരിക്കുന്നതല്ല.

8. കരാർ **നൽകിയിട്ടുള്ള** സ്ഥലത്ത് കോർപ്പറേഷൻ **ഉദ്യോഗസ്ഥന്മാർക്ക്** ഏതു സമയത്തും പരിശോധിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

9. കരാറുകരാനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ, തൊഴിലാളികളിൽ നിന്നോ, എസ്റ്റേറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടാകുവാൻ പാടില്ല.

10. **കരാറുകാരൻ, ടിയാന്റെ ഏജന്റിന്റെയും തൊഴിലാളികളുടെയും പേരും വിലാസവും അടങ്ങുന്ന ലിസ്റ്റ്,** മരം **മുറിക്കുന്ന ജോലികൾ ആരംഭിക്കുന്നതിനു** മുമ്പായി എസ്റ്റേറ്റു മാനേജരുടേയോ, മാനേജർ അധികാരപ്പെടുത്തുന്നവരുടെയോ പക്കൽ **ഹാജരാക്കി** പ്രവേശന പാസ്സുകൾ വാങ്ങിയിരിക്കേണ്ടതാണ്.

11. വാഗ്ദാനം ചെയ്ത തുകയ്ക്ക് പുറമേ, വിൽപ്പന നികുതിയോ, ആദായ നികുതിയോ മറ്റുനികുതികളോ ബാധകമാണെങ്കിൽ ആയത് കാരാറുകരൻ അടയ്ക്കേണ്ടതാണ്. മരം മുറിച്ച് ലോഡുകളായി കൊണ്ടുപോകുന്നതിന് വനം വകുപ്പിൽ നിന്നോ മറ്റ് ഡിപ്പാർട്മെന്റുകളിൽ നിന്നോ ആവശ്യമായ പാസ്സുകൾ/ അനുമതികൾ കരാറുകരാൻ സ്വന്തം ചെലവിൽ എടുക്കേണ്ടതാണ്.

12. കരാറുകരാനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ, കോർപ്പറേഷൻ വക മരങ്ങൾക്കോ, മറ്റു വസ്തുക്കൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ മാനേജിങ് ഡയറക്ടർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം കരാറുകാരൻ കോർപ്പറേഷനിലേയ്ക്ക് അടയ്ക്കേണ്ടതും, ടി മാനേജിങ് ഡയറക്ടറുടെ തീരുമാനം ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

13. വെട്ടി മാറ്റുന്നതിനു നിശ്ചയിച്ച് നമ്പരിട്ടിട്ടുള്ള മരങ്ങൾ മുറിക്കുന്നതിനു മാത്രമേ കരാറുകാരന് അവകാശമുണ്ടായിരിക്കുകയുള്ളു. നമ്പരിടാത്തതോ, മറ്റിനങ്ങളിൽപ്പെടുന്നതായ മരങ്ങളോ, മറ്റു ഡിവിഷനുകളിലോ, ബ്ലോക്കുകളിലോ നിൽക്കുന്ന ഏതെങ്കിലും മരങ്ങളോ മുറിക്കുന്നതാകയാൽ അത് അനധികൃത മരം മുറിക്കലായി പരിഗണിച്ച്, നിയമനടപടികൾ സ്വീകരിക്കുന്നതും **കൂടാതെ ടി മരങ്ങളുടെ വിലയുടെ 5 ഇരട്ടി വരുന്ന തുക നഷ്ടപരിഹാരമായി ഈടാക്കിയെടുക്കുന്നതിനു കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതും** കരാറുകാരനുമായിട്ടുള്ള ഉടമ്പടി റദ്ദു ചെയ്യുന്നതും അടച്ച എല്ലാ സംഖ്യകളും കണ്ടുകെട്ടി മുതൽ കൂട്ടുന്നതുമായിക്കും. ബാക്കി വരുന്ന മരങ്ങൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ടെൻഡർ നടത്തി വില്പന ചെയ്യുന്നതുമായിക്കും. അപ്രകാരമുണ്ടാകുന്ന നഷ്ടവും **ചിലവുകളും** കരാറുകാരനിൽ നിന്നും ഇടാക്കുന്നതുമായിരിക്കും. **ഇപ്രകാരം വില്പന ചെയ്യുമ്പോൾ കൂടുതൽ തുക ലഭിക്കുന്ന പക്ഷം ആയത് കരാറുകാരന് ലഭിക്കാൻ അർഹതയില്ലാത്തതുമാകുന്നു.**

14. മരങ്ങൾ അധികാരികളുടെ നിർദ്ദേശമനുസ്സരിച്ച് മാത്രമേ മുറിച്ചു മാറ്റാൻ കരാറുകാരന് അവകാശമുണ്ടായിരിക്കുകയുള്ളു. എസ്റ്റേറ്റിൽ നിന്ന് മുറിച്ചുമാറ്റുന്ന മരങ്ങളുടെ കണക്ക് അതു നീക്കം ചെയ്യുന്നതിനു മുമ്പ് എസ്റ്റേറ്റ് മാനേജരേയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനേയോ അറിയിച്ചിരിക്കേണ്ടതാണ്.

15. എസ്റ്റേറ്റു മാനേജർക്കും അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാർക്കും കരാറുകാരൻ, കരാറുകാരാന്റെ ഏജന്റ്, തൊഴിലാളികൾ തുടങ്ങിയവരെ നിയന്ത്രിക്കുന്നതിനും, കരാറുകാർ മരങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ മുതലായവ പരിശോധിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

16. വെട്ടിമാറ്റുന്ന മരങ്ങളല്ലാതെ എസ്റ്റേറ്റിൽ നിന്നും വിറക്, പുല്ല് തുടങ്ങിയ സാധനങ്ങൾ കാരാറുകാരനോ, അയാൾ ഏർപ്പെടുത്തുന്ന ആളോ, അയാളുടെ തൊഴിലാളികളോ, കൊണ്ടു പോകാൻ പാടില്ല. മരങ്ങൾ തറ നിരപ്പിൽ മുറിച്ചുമാറ്റേണ്ടതാണ്. മരങ്ങൾ പിഴുതെടുക്കുവാൻ പാടില്ല.

17. മരങ്ങൾ മുറിച്ചുമാറ്റുന്നതിനാവിശ്യമായ യാതൊരു സാധനസാമഗ്രികളും കോർപ്പറേഷൻ നൽകുന്നതല്ല.

18. കരാർ കാലാവധിക്കിടയിൽ ടി സ്ഥലത്ത് കോർപ്പറേഷന് കാർഷിക പ്രവർത്തനങ്ങൾ നടത്താനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

19. കരാറുകാരൻ യാതൊരു കാരണവശാലും കോർപ്പറേഷന്റെ സ്ഥലത്ത് സ്ഥിരസ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ യാതൊന്നും നടത്തുവാൻ പാടുള്ളതല്ല. കരാർ ഏറ്റിട്ടുള്ള സ്ഥലത്ത് സ്ഥാപിക്കാൻ ഇടയുള്ള താൽക്കാലിക ഷെഡ്ഡുകൾ പണിയുന്നതിനു മുമ്പ്

എസ്റ്റേറ്റ് മാനേജരുടെ അനുവാദം വാങ്ങേണ്ടതും, കരാർ കാലാവധി **തീർന്ന് 30 ദിവസത്തിനുള്ളിൽ** സ്വന്തം **ചിലവിൽ** പൊളിച്ചുമാറ്റേണ്ടതുമാണ്, അല്ലാത്തപക്ഷം ടി ഷെഡ്ഡുകൾ കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതാണ്. **ടിക്ക് യാതൊരു പ്രതിഫലവും നൽകുന്നതുമല്ല.**

20. കരാറുകരാനോ/ഏജന്റോ കരാർ സ്ഥലത്തുനിന്നും തടികൾ നീക്കം ചെയ്യുന്ന സമയത്ത് എസ്റ്റേറ്റു മാനേജരിൽ നിന്നും പാസ് വാങ്ങിയിരിക്കേണ്ടതാണ്. സെക്യൂരിറ്റി പരിശോധനയ്ക്ക് വിധേയമാക്കി മാത്രമേ മരങ്ങൾ എസ്റ്റേറ്റിനു വെളിയിൽ കൊണ്ടുപോകുവാൻ പാടുള്ളൂ.
21. മരങ്ങൾ കൊണ്ടുപോകുന്ന**തിനുള്ള** സമയം എസ്റ്റേറ്റ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മണിമുതൽ വൈകുന്നേരം 5 മണി വരെയായിരിക്കും. എസ്റ്റേറ്റ് അവധി ദിവസങ്ങളിൽ യാതൊരു കാരണവശാലും മരം മുറിക്ക**ലോ അനുബന്ധ പ്രവൃത്തികൾ ചെയ്യുന്നതിനോ** അനുവദിക്കുന്നതല്ല.
22. ടെൻഡർ സ്ഥിരപ്പെടുത്തിക്കിട്ടുന്ന ആൾ മുറിച്ചു മാറ്റുന്ന മരങ്ങൾ സർക്കാരിന്റെ കാലകാലങ്ങളിലുള്ള നിമയങ്ങൾക്ക് വിധേയമായി വില്പന നടത്തേണ്ടതാണ്.
23. യാതൊരു കാരണവും കൂടാതെ ടെൻഡർ അംഗീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണമായ അധികാരം കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. **കൂടുതൽ തുക വാഗ്ദാനം നൽകിയാലും ടി തുക ന്യായയുക്തമല്ലെന്നു കാണുന്ന പക്ഷം ടെണ്ടർ അംഗീകരിക്കാതിരിക്കുന്നതിന് കോർപ്പറേഷനു അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.**
24. ഏതെങ്കിലും കാരണവശാൽ കാലാവധി തീരുന്നതിനു മുമ്പ് കരാറുകാരൻ കരാർ ഉപേക്ഷിച്ചു പോകുകയാണെങ്കിൽ പ്രസ്തുത ബ്ലോക്ക് **കരാറുകാരൻറെ നഷ്ടോത്തരവാദിത്വത്തിൽ** കോർപ്പറേഷൻ പുനർ ദർഘാസ് /ഇ-ടെൻഡർ നടത്തുന്നതു**മാണ്**. ഇതുമൂലം കോർപ്പറേഷനുണ്ടാ**കാവുന്ന** ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്.
25. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ മുദ്രവെച്ച ദർഘാസ്/ ഇ–ടെൻഡറിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
26. വില്പന സംബന്ധിച്ച് മുദ്രവെച്ച ദർഘാസ് / ഇ-ടെൻഡറിലോ ഇതു സംബന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ, നടത്തിപ്പിലോ എന്തെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർക്ക് അതിൽ തീർപ്പു കൽപ്പിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്
27. മുദ്രവെച്ച ദർഘാസ്/ഇ-ടെൻഡർ സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനും, മുദ്രവെച്ച ദർഘാസ്/ഇ-ടെൻഡർ നടപടിക്രമങ്ങൾക്കിടയിൽ യാതൊരു കാരണവും കാണിക്കാതെ എപ്പോൾ വേണമെങ്കിലും ടി മുദ്രവെച്ച ദർഘാസ് /ഇ-ടെൻഡർ മാറ്റിവക്കുന്നതിനും, മുദ്രവെച്ച ദർഘാസ്/ഇ-ടെൻഡർ റദ്ദു ചെയ്യുന്നതിനുമുള്ള പൂർണ്ണ അധികാരം പ്ലാന്റേഷൻ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ നിഷിപ്തമായിരിക്കുന്നതാണ്. ഇതുസംബന്ധമായി മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതും അതിനെ ചോദ്യംചെയ്യാൻ പാടില്ലാത്തതുമാണ്.
28. മുദ്രവെച്ച ദർഘാസ്/ഇ-ടെൻഡർ കണ്ടീഷനിലെ വ്യവസ്ഥകളിലോ ടെണ്ടർ നടത്തുന്നത് സംബന്ധിച്ചോ എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടായാൽ ടി വിഷയത്തിൽ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതും അതിനെ ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
29. കരാറുകാരൻ ഇ-ടെണ്ടർ വ്യവസ്ഥകൾ പാലിക്കാതിരിക്കുകയോ മുദ്രവെച്ച ദർഘാസ്/ഇ-ടെൻഡർ സ്ഥിരീകരണ ഉത്തരവ് കൈപ്പറ്റി നിശ്ചിത സമയ പരിധിക്കുള്ളിൽ മുഴുവൻ തുകയും അടച്ച് കശുമാവ് മുറിച്ചു നീക്കം ചെയ്യുന്നതിൽ വീഴ്ച്ച വരുത്തുകയോ ചെയ്താൽ കോർപ്പറേഷനിൽ കരാറുകാരൻ അടച്ചിരിക്കുന്ന ഇ.എം.ഡി. മുതലായ

തുകകൾ കണ്ടുകെട്ടുന്നതും മുദ്രവെച്ച ദർഘാസ്/ഇ-ടെണ്ടർ അസ്ഥിരപ്പെടുത്തുന്നതും പുനർ മുദ്രവെച്ച ദർഘാസ് /ഇ-ടെണ്ടർ നടത്തുന്നതുമായിരിക്കും. മുദ്രവെച്ച ദർഘാസ്/ഇ-ടെണ്ടർ വഴി ടി കശുമാവ് മുറിച്ചു വിൽക്കുമ്പോൾ കോർപ്പറേഷന് ഉണ്ടാകാവുന്ന നഷ്ടത്തിനും, സകലവിധ ചെലവുകൾക്കും ആദ്യ ടെണ്ടറുകാരൻ ഉത്തരവാദിയായിരിക്കുന്നതും ടി തുക ടിയാനിൽ നിന്നും ഈടാക്കി എടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ കൂടുതൽ തുക ലഭ്യമാകുകയാണെങ്കിൽ ആയത് ലഭിക്കുന്നതിന് കരാറുകാരന് അവകാശമുണ്ടായിരിക്കുന്നതുമല്ല.

30.കോർപ്പറേഷനിൽ കരാറുകാരൻ അടച്ചിട്ടുള്ള നിരതദ്രവ്യവും സെക്യൂരിറ്റി ഡെപ്പോസിറ്റും കശുമാവ് മുറിച്ച നീക്കം ചെയ്ത് കരാറുകാരൻ എസ്റ്റേറ്റ് മാനേജറിൽ നിന്നും ബാധ്യത രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കി 2 ആഴ്ചക്കകം പലിശരഹിതമായി തിരികെ നൽകുന്നതായിരിക്കും.

31. ഈ വില്പനയെ സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങളോ/വ്യവഹാരങ്ങളോ ഉൽഭവിക്കുകയാണെങ്കിൽ ആയത് കോട്ടയം അധികാരാതിർത്തിയായ കോടതികളിൽ മാത്രം ആയിരിക്കുന്നതുമാണ്.

32.മുദ്രവെച്ച ദർഘാസ്/ ഇ-ടെൻഡറുകൾ നടത്തപ്പെടുന്ന സ്ഥലം, തീയതി, സമയം എന്നിവ ചുവടെ ചേർക്കുന്നു

| മുദ്രവെച്ച ദർഘാസ് സമർപ്പിക്കുവാനുള്ള സ്ഥലവും സമയവും | ഇ -ടെൻഡർ ഓൺലൈൻ ആയി സമർപ്പിക്കുവാനുള്ള അവസാന സമയം | മുദ്രവെച്ച ദർഘാസ് തുറക്കുന്ന സ്ഥലവും സമയവും | ഇ -ടെൻഡർ ഒറിജിനൽ രേഖകൾ ലഭിക്കേണ്ട അവസാന സമയവും സ്ഥലവും | ഇ -ടെൻഡർ തുറക്കുന്ന സ്ഥലവും സമയവും |
|---|---|---|---|---|
| കാസറഗോഡ് എസ്റ്റേറ്റ് ഓഫീസ്, മുളിയാർ പി ഒ , കാസറഗോഡ് -670 542 Ph: 9496076070/ 9446076738, 09-05-2023, 02.00 P M | 09-05-2023, 02.00 P M | കാസറഗോഡ് എസ്റ്റേറ്റ് ഓഫീസ് 09-05-2023, 02.30 P M | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 10-05-2023, 2.00 P M | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 10-05-2023, 02.30 P M |

Sd/-

ജനറൽ മാനേജർ (സി )

## അനുബന്ധം -1

## ഇ-ടെൻഡർ സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ

1. കരാറുകാർക്ക് കേരളാ സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in എന്ന ഇ പോർട്ടൽ സൈറ്റിലൂടെ സമർപ്പിക്കാവുന്നതാണ്.
2. ഇ-ടെൻഡറിൽപങ്കെടുക്കുവാൻ താഴെ കൊടുത്തിരിക്കുന്ന പട്ടിക അനുസരിച്ചുള്ള നിരതദ്രവ്യം ഡിമാൻഡ് ഡ്രാഫ്റ്റായി ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്.

| ബ്ലോക്ക് | നിരതദ്രവ്യം |
|---|---|
| **പെരിയ II** | Rs.25,000/- |
| **കുനിയ** | Rs.10,000/- |

3. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെൻഡർ വ്യവസ്ഥകൾ ടി ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജിലും ഒപ്പിട്ട ടെൻഡർ കണ്ടിഷനും, ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയും, കരാറുകാരന്റെ ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെൻഡർ ഫീസ്(Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. കൂടാതെ ഡിമാൻഡ് ഡ്രാഫ്റ്റിന്റെയും എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടിഷന്റെയും ഒറിജിനലും പാൻ കാർഡ്, ആധാർകാർഡ് എന്നിവയുടെ കോപ്പികളും ടെൻഡർ തുറക്കുന്ന ദിവസം (തീയതി 10/05/2023 ന്) 2.00 പി.എം മണിക്ക് മുൻപായി പി സി കെ ഹെഡ് ഓഫീസ് കോട്ടയത്ത് മുദ്രവെച്ച കവറിൽ **കാസറഗോഡ് എസ്റ്റേറ്റ് – കശുമാവ് മരങ്ങളുടെ വിൽപന ഇ-ടെൻഡർ രേഖകൾ** എന്ന ശീർഷകത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.
4. ഇ-ടെൻഡർ മുഖേന വാഗ്ദാനം സമർപ്പിക്കുന്നവർ ഒരു ബ്ലോക്കിന് നൽകാവുന്ന (നികുതി ഒഴികെയുള്ള) ഏറ്റവും കൂടിയ തുകയാണ് കാണിച്ചിരിക്കേണ്ടത്.

ഇതു സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം താഴെപ്പറയുന്ന നമ്പരുകളിലേക്ക് വിളിക്കാവുന്നതാണ്. Ph.0481-2578301/9496076003

E-Procurement support desk of Kerala State IT Mission over telephone at 0471-2577088/188/388 or 0484-2336006, 2332262 or 0497-2764788, 2764188 or 0483-273294 or through email: etendershelp@kerala.gov.in or helpetender@gmail.comfor assistance in this regard.

## അനുബന്ധം -2

## മുദ്രവെച്ച ദർഘാസ് സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ

1. മുദ്രവെച്ച ദർഘാസ് സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ടെൻഡർ ഫീസ് (Rs.118/-) കാസറഗോഡ് എസ്റ്റേറ്റ് ഓഫീസിൽ അടച്ച് ടെൻഡർ കണ്ടിഷനും ടെൻഡർ ഫോമും കൈപ്പറ്റേണ്ടതും, ടെൻഡർ ഫോറത്തിനൊപ്പം ടെൻഡർ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് അവ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, ടെൻഡർ വ്യവസ്ഥ കളുടെ എല്ലാ പേജുകളിലും ഒപ്പിട്ട് ദർഘാസിനൊപ്പം ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പികൾ സമർപ്പിക്കേണ്ടതാണ് കവറിന് പുറത്ത് ഇടതുവശത്ത് മുകളിൽ **കാസറഗോഡ് എസ്റ്റേറ്റ് - കശുമാവ് വിൽപന - ദർഘാസ് രേഖകൾ** എന്ന ശീർഷകം വെക്കേണ്ടതും ദർഘാസുകൾ കാസറഗോഡ് എസ്റ്റേറ്റ് ഓഫീസിൽ മുദ്രവെച്ച ദർഘാസ് സമർപ്പിക്കുന്നതിനുള്ള സമയത്തിന് (തീയതി 09-05-2023, 02.00 പി.എം-ന്) മുൻപുതന്നെ നല്കിയിരിക്കേണ്ടതാണ്.
2. ദർഘാസിൽ പങ്കെടുക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന പട്ടിക അനുസരിച്ചുള്ള നിരതദ്രവ്യം ക്യാഷ് അടച്ച ക്യാഷ് റെസീപ്റ്റ് / DD മുദ്രവെച്ച ദർഘാസിനോടൊപ്പം നൽകേണ്ടതാണ്.

| ബ്ലോക്ക് | നിരതദ്രവ്യം |
|---|---|
| **പെരിയ II** | Rs.25,000/- |
| **കുനിയ** | Rs.10,000/- |

3. ഒരു ബ്ലോക്കിന് നൽകാവുന്ന (നികുതി ഒഴികെയുള്ള) ഏറ്റവും കൂടിയ തുക നിശ്ചിത ഫോറത്തിൽ നൽകേണ്ടതാണ്. ഈ ഫോറം ബന്ധപ്പെട്ട എസ്റ്റേറ്റ് ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്.
4. ദർഘാസുകൾ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് ടെൻഡർ, പേര് വിവരങ്ങൾ, ടെൻഡർ സമര്പ്പിക്കുന്ന ആളിന്റെ വിലാസം ഫോൺ നമ്പർ എന്നിവ കാണിച്ചിരിക്കണം.

കുടുതൽ വിവരങ്ങൾക്ക്

1) മാനേജർ കാസറഗോഡ് എസ്റ്റേറ്റ്
Ph:9496076070/9446076738

അനുബന്ധം -3

# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ്കേരളലിമിറ്റഡ്

രജിഓഫീസ് – കോട്ടയം – 686 004

## കശുമാവ് മരങ്ങളുടെ വിൽപ്പന

### മുദ്രവെച്ച ദർഘാസ് /ഇ ദർഘാസ്

വിൽക്കുവാനുള്ള കശുമാവ് മരങ്ങളുടെ പട്ടിക

ഡിവിഷൻ ബ്ലോക്കുകൾ, മരങ്ങളുടെ ഉദ്ദേശ എണ്ണം മുതലായവ

കാസറഗോഡ് എസ്റ്റേറ്റ് **796** മരങ്ങൾ

| ബ്ലോക്ക് | ആകെ മരങ്ങൾ | ഡി.ഡി നം | തിയതി | തുക |
|---|---|---|---|---|
| **പെരിയ II** | 700 | | | |
| **കുനിയ** | 96 | | | |

**പേര്**

**ഒപ്പ്**

# സമ്മതപത്രം

**പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**
**CIN No: UO1119KL1962SGC001997**
**കോട്ടയം - 686004**

സ്ഥലം:
തീയതി :

<u>സമ്മതപത്രം</u>

പ്ലാന്റേഷൻ കോർപ്പറേഷന്റെ **കാസർഗോഡ് എസ്റ്റേറ്റിലെ കശുമാവ് മരങ്ങൾ** വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട കരാറിന്റെ മുദ്രവെച്ച ദർഘാസ് / ഇ-ദർഘാസ് വ്യവസ്ഥകൾ ഇന്നേ ദിവസം കൈപ്പറ്റിയിരിക്കുന്നു. ടി വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയത് ഞാൻ അനുസരിക്കുന്നതുമായിരിക്കുമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

**പേര്**

**തപാൽ മേൽവിലാസം**

**കര**

**വില്ലേജ്**

**താലൂക്ക്**

**ജില്ല**

**പിൻകോഡ്**

**ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ)**
**ലാന്റ് നമ്പർ :**
**മൊബൈൽ നമ്പർ :**

**ഒപ്പ്**